# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1551** **04-10-2016-ൽ മറുപടിയ്ക്ക്**

**നികുതി പിരിവ്**

| | ചോദ്യം<br><br>ശ്രീ. ആർ. രാമചന്ദ്രൻ | | മറുപടി<br><br>ഡോ. ടി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | ഓണക്കാലത്ത് കേരളത്തിലേയ്ക്ക് എത്തിച്ച സാധനങ്ങളുടെ നികുതി കൃത്യമായി പിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കുമോ; | (എ) | ഓണക്കാലത്ത് കേരളത്തിലേയ്ക്ക് എത്തിച്ച സാധനങ്ങളുടെ നികുതി കൃത്യമായി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1) റിട്ടേണുകളുടെ സൂക്ഷ്മ പരിശോധന, ഓഡിറ്റ് വിസിറ്റ് എന്നിവ നടത്തി.<br>2) കാഷ്വൽ ട്രേഡർ/ പ്രദർശനവും വില്പനയും നടത്തിയ സ്റ്റാളുകളിൽ പരിശോധന നടത്തി.<br>3) പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാഹന പരിശോധന, പാഴ്സൽ പരിശോധന എന്നിവ നടത്തി.<br>4) ചെക്ക് പോസ്റ്റുകളിൽ കൂടുതൽ കൗണ്ടറുകൾ ഏർപ്പെടുത്തി.<br>5) റെയിൽവേ പാഴ്സൽ ചെക്കിങ്ങ് നടത്തി.<br>6) കടകളിൽനിന്നും കൊടുക്കുന്ന ബില്ലുകളുടെ വെരിഫിക്കേഷൻ ക്യാംപയിൻ നടത്തി.<br>7) വാഹനങ്ങളിൽ കൊണ്ടുപോകുന്ന ചരക്കുകളുടെ ബിൽ കോപ്പി സ്വീകരിച്ചു.<br>8) ഷാഡോ ഓപ്പറേഷനിലൂടെ മാർക്കറ്റ് സർവ്വയിലൻസ് നടത്തി.<br>9) ടെസ്റ്റ് പർച്ചേസ് നടത്തി.<br>10) ബില്ലുകൾ വാങ്ങുന്നതിനും കൊടുക്കുന്നതിനും ബോധവത്ക്കരണത്തിനായി വാഹന അനൗൺസ് മെന്റ് നടത്തി. |

| | | | |
|---|---|---|---|
| (ബി) | കേരളത്തിന്റെ അതിർത്തികളിലുള്ള ചെക്ക് പോസ്റ്റുകളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഇതിനായി നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ; | (ബി) | പ്രധാനപ്പെട്ട അതിർത്തി ചെക്ക്പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിക്കുകയും കൗണ്ടറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്തു. ചരക്കുകളുടെ ഫിസിക്കൽ വെരിഫിക്കേഷൻ അനുബന്ധ രേഖകളുമായി പരിശോധന നടത്തി, നിയമാനുസൃത രേഖകൾ ഇല്ലാതെയോ, രേഖകളിൽ ഉൾപ്പെടുത്തിയതിനേക്കാൾ കൂടുതൽ ചരക്കുകൾ കൊണ്ടുവരികയോ ചെയ്യുന്നുണ്ടോയെന്ന് പരിശോധന നടത്തി, ഇന്റലിജൻസ് സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ ടേക്കോവർ ചെയ്യുകയും അതുവഴി നികുതി വെട്ടിപ്പ് തടയുന്നതിനുള്ള പരമാവധി ശ്രമം നടത്തുകയും ചെയ്തു. |
| (സി) | ട്രെയിൻ മാർഗ്ഗം അന്യ സംസ്ഥാനങ്ങളിൽ നിന്ന് വിപണിയിലെത്തിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന സാധനങ്ങളുടെ നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ട്രെയിൻമാർഗം അന്യ സംസ്ഥാനങ്ങളിൽ നിന്ന് വിപണിയിലെത്തിക്കുന്നതിന് വേണ്ടി കൊണ്ടുവന്ന സാധനങ്ങളുടെ നികുതി പിരിക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.<br>1) പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന വാഹനപരിശോധന, പാഴ്സൽ പരിശോധന എന്നിവ നടത്തി.<br>2) റെയിൽവേ പാഴ്സൽ ചെക്കിങ്ങ് നടത്തി.<br>3) ഷാഡോ ഓപ്പറേഷനിലൂടെ മാർക്കറ്റ് സർവ്വയിലൻസ് നടത്തി.<br>4) ഇന്റലിജൻസ് വിഭാഗം നിരന്തരമായി റെയിൽവേ പാഴ്സൽ സർവ്വീസുകളും റെയിൽവേ സ്റ്റേഷനുകളും കേന്ദ്രീകരിച്ച് പരിശോധന നടത്തുകയും നിയമാനുസൃത രേഖകൾ ഇല്ലാതെ കൊണ്ടുവന്ന സാധനങ്ങൾക്ക് പിഴ ചുമത്തുകയും ചെയ്തു.<br>5) 8 എഫ്.എ. ഡിക്ലറേഷൻ വഴി മുൻകൂർ ഡിക്ലയർ ചെയ്യാത്ത ചരക്കുകൾക്ക് സെക്യൂരിറ്റി ഈടാക്കി. |

| | | | |
|---|---|---|---|
| (ഡി) | ഓണക്കാലത്ത് കള്ളക്കടത്ത് നിയന്ത്രിക്കുന്നതിന് ടാക്സ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചിരുന്നോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തിരുന്നുവെന്നും എത്ര രൂപ പിഴയീടാക്കിയിരുന്നുവെന്നും വിശദമാക്കാമോ? | (ഡി) | ഓണക്കാലത്ത് കള്ളക്കടത്ത് നിയന്ത്രിക്കുന്നതിന് ടാക്സ് ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചിരുന്നു. പ്രസ്തുത കാലയളവിൽ 8538 കേസുകളിലായി 9.05 കോടി രൂപ പിഴ ഈടാക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ.